**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ- പ്രാഥമിക കാർഷിക/ മറ്റ് വായ്പാ സംഘങ്ങൾക്ക് നൽകാനുള്ള ഇൻസെന്റീവ് തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്,**

**സ.ഉ.(സാധാ) നം. 7305/2019/ധന. തീയതി, തിരുവനന്തപുരം, 18.09.2019**

---

പരാമർശം :- 1) സ ഉ (എം.എസ്.) 324/2016/ധന തീയതി 15.08.2016.
2) സ ഉ (സാധാ) 6950/2016/ധന തീയതി 23.08.2016.
3) സ ഉ (സാധാ) 7353/2016/ധന തീയതി 06.09.2016.
4) സ ഉ (സാധാ) 1172/19/ധന. തീയതി 15.02.2019.
5) സ ഉ (സാധാ) 143/19/ധന. തീയതി 07.01.2019.
6) സ.ഉ.(സാധാ) നം. 1240/2019/ധന. തീയതി 18.02.2019
7) പഞ്ചായത്ത് ഡയറക്ടറുടെ 19.08.2019 തീയതിയിലെ കത്ത് നം. പി.എ.എൽ-10279/19-ഡി.ബി.റ്റി1(ഡി.പി)

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്ന പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഒരു ഗുണഭോക്താവിന് പെൻഷൻ വിതരണം ചെയ്യുന്നതിന് 50/- രൂപ നിരക്കിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ എന്നിവർക്ക് ലഭിയ്ക്കുന്നതാണെന്ന് പരാമർശം (2)ഉം (3)ഉം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കുകയും അത് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്തിട്ടുള്ളതുമാണ്.

(2) 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ എന്നിവർക്ക് നൽകേണ്ട ഇൻസെന്റീവ് തുക 9,98,66,900/- രൂപയാണെന്നും (ഒൻപത് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി അറുപത്താറായിരത്തി തൊള്ളായിരം രൂപ മാത്രം ) അനുവദിക്കണമെന്ന് പരാമർശം (7) ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, **2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ എന്നിവയ്ക്ക് നൽകേണ്ട ഇൻസെന്റീവ് തുകയായ്** 9,98,66,900/- **രൂപ (ഒൻപത് കോടി തൊണ്ണൂറ്റിയെട്ടു ലക്ഷത്തി അറുപത്താറായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.** അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

4. ഇൻസെന്റീവ് തുക, പഞ്ചായത്ത് ഡയറക്ടറുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കായി വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നമ്പർ 799012100000001) പതിനാല് ജില്ലകളിലേയും സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർമാരുടെ പെൻഷൻ ട്രഷറി അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.ടി. സെല്ലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ.ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | ജില്ല | എസ്.എസ്.പി അക്കൗണ്ട് നമ്പർ | ട്രഷറി | തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 799012100000315 | അഡീഷണൽ സബ് ട്രഷറി വഞ്ചിയൂർ, തിരുവനന്തപുരം | 80,64,650 |
| 2 | കൊല്ലം | 799012100000267 | ജില്ലാ ട്രഷറി കൊല്ലം | 72,82,700 |
| 3 | പത്തനംതിട്ട | 799012100000288 | ജില്ലാ ട്രഷറി പത്തനംതിട്ട | 26,81,750 |
| 4 | ആലപ്പുഴ | 799012100000676 | ജില്ലാ ട്രഷറി ആലപ്പുഴ | 78,43,050 |
| 5 | കോട്ടയം | 799012100000330 | ജില്ലാ ട്രഷറി കോട്ടയം | 39,14,050 |
| 6 | ഇടുക്കി | 799012100000104 | സബ് ട്രഷറി, പൈനാവ്, ഇടുക്കി | 14,78,650 |
| 7 | എറണാകുളം | 799012100000635 | ജില്ലാ ട്രഷറി , കാക്കനാട്, എറണാകുളം | 58,76,250 |
| 8 | തൃശ്ശൂർ | 799012100000319 | ജില്ലാ ട്രഷറി തൃശ്ശൂർ | 1,10,86,050 |
| 9 | പാലക്കാട് | 799012100000186 | ജില്ലാ ട്രഷറി പാലക്കാട് | 1,29,14,850 |
| 10 | മലപ്പുറം | 799012100000229 | ജില്ലാ ട്രഷറി മലപ്പുറം | 1,28,79,100 |
| 11 | കോഴിക്കോട് | 799012100000427 | ജില്ലാ ട്രഷറി കോഴിക്കോട് | 1,09,60,100 |
| 12 | വയനാട് | 799012100000663 | ജില്ലാ ട്രഷറി വയനാട് | 17,21,500 |
| 13 | കണ്ണൂർ | 799012100000043 | ജില്ലാ ട്രഷറി കണ്ണൂർ | 90,30,350 |
| 14 | കാസർഗോഡ് | 799012100000696 | ജില്ലാ ട്രഷറി കാസർഗോഡ് | 41,33,850 |
| | | | ആകെ | **9,98,66,900/-** |